## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2001**     **10.10.2011-ൽ മറുപടിയ്ക്ക്**

**ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസും പെയ്ഡ് ക്ലിനിക്കും**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം. | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) മെഡിക്കൽ കോളജുകളിലെയും സർക്കാർ ആശുപത്രികളിലെയും ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചുകൊണ്ട് എന്നാണ് ഉത്തരവായത്;കോപ്പി ഹാജരാക്കാമോ; ഏത് സാഹചര്യത്തിലാണ് സർക്കാർ ഇത്തരമൊരു തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ; | (എ) 10.9.2009 ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(പി) 318/2009/ആ.കു.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിലുള്ളമെഡിക്കൽ കോളേജുകളിലെയും 2009 ലെ സ. ഉ.(പി) 344/09 ആ.കു.വ. പ്രകാരം ദന്തൽ കോളേജുകളിലെയും ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.) മെഡിക്കൽ, ദന്തൽ, കോളേജുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തി അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തിലാണ് സ്വാകാര്യപ്രാക്ടീസ് നിരോധിച്ചിട്ടുള്ളത്. |
| ബി) സ്വകാര്യപ്രാക്ടീസ് നിരോധിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്കായി പ്രഖ്യാപിച്ചത്; ഇവയിൽ ഏതൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളത്; എന്നുമുതൽ ഈ ആനുകൂല്യം ഇവർക്ക് ലഭിക്കുന്നു.; | (ബി) നോൺപ്രാക്ടീസ് അലവൻസ്,പേഷ്യന്റ് കെയർ അലവൻസ് എന്നിവ അനുവദിച്ചിട്ടുണ്ട്. കൂടാതെ അധികയോഗ്യതയായ എം.ഫിൽ. പി.എച്ച്.ഡി. എന്നിവ നേടിയവർക്ക് നോൺകോംബൗണ്ട് അഡ്വാൻസ് ഇൻക്രിമെന്റായി നൽകി വരുന്നു. 1.10.2009 മുതൽ ഈ ആനുകൂല്യം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് പുനരാരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെ; | (സി) | ഉണ്ട്. കോട്ടയം ജില്ലയിൽ നിന്നും ഗാന്ധിനഗർ പൗരസമിതി, തിരുവനന്തപുരം ജില്ലയിൽ നിന്ന് സെക്രട്ടറിയറ്റ് പെൻഷനേഴ്സ് വെൽഫയർ അസോസിയേഷൻ എന്നീ സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്വകാര്യ പ്രാക്ടീസ് നിരോധനം നീക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | നിവേദനങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിനായി അയച്ചു കൊടുത്തിട്ടുണ്ട്. |
| (ഇ) | മെഡിക്കൽ കോളേജുകളിൽ പെയ്ഡ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാകുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.